പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.4275

16.12.2014 ൽ
മറുപടിയ്ക്ക്

## കേരളോത്സവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കേരളോത്സവത്തിലെ പങ്കാളിത്തക്കുറവ് സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്.കേരളോത്സവത്തിന്റെ പ്രാഥമിക തലങ്ങളിൽ കലാമത്സര വിഭാഗത്തിൽ ആണ് പങ്കാളിത്തകുറവ് വന്നിട്ടുള്ളത്. ദേശീയ യുവോത്സവ ഇനങ്ങളായ വീണ, കഥക്, മണിപ്പൂരി, ഒഡീസി, സിത്താർ, ഹാർമോണിയം, വായ്പ്പാട്ട് തുടങ്ങിയ ഇനങ്ങളിലും ഇതേ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ ദേശീയ യുവോത്സവ ഇനങ്ങളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പ്രാഥമിക തലത്തിൽ മത്സരിച്ച് വിജയിക്കുന്നവരോടൊപ്പം മറ്റ് മത്സരാർത്ഥികൾക്ക് ജില്ലാതലത്തിൽ നേരിട്ട് രജിസ്റ്റർ ചെയ്ത് മത്സരിക്കുവാൻ അവസരം ഒരുക്കിയിട്ടുണ്ട്. ഇതുമൂലം പങ്കാളിത്തം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളോത്സവങ്ങളിൽ എത്ര പേർ പങ്കാളികളായെന്ന് വർഷം അടിസ്ഥാനപ്പെടുത്തി ജില്ല തിരിച്ച് വിശദമാക്കുമോ ; | (ബി) 2014 വർഷത്തിലെ സംസ്ഥാന കേരളോത്സവം നടന്നിട്ടില്ലാത്തതിനാൽ ആയത് ഒഴിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) സംസ്ഥാനതല കേരളോത്സവങ്ങളിൽ പങ്കെടുത്തവർക്ക് പി. എസ്.സി നിയമനത്തിന് വെയിറ്റേജ് മാർക്ക്കൊടുക്കുന്ന കാര്യം പരിഗണിക്കുമോ ; | (സി) സംസ്ഥാനതല കേരളോത്സവങ്ങളിൽ പങ്കെടുത്തവർക്ക് പി. എസ്.സി നിയമനത്തിന് വെയിറ്റേജ് മാർക്ക്കൊടുക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) സംസ്ഥാനതല കേരളോത്സവങ്ങളിൽ പങ്കെടുത്തവർക്ക് കേരളത്തിലെ യൂണിവേഴ്സിറ്റികൾ വെയിറ്റേജ് മാർക്ക് കൊടുക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (ഡി) നിലവിൽ യൂണിവേഴ്സിറ്റികൾ ഒന്നുംതന്നെ കേരളോത്സവ വിജയികൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | 2011 | 2012 | 2013 | 2014 | ആകെ |
|---|---|---|---|---|---|
| തിരുവനന്തപുരം | 41270 | 39666 | 43160 | 53060 | 177156 |
| കൊല്ലം | 31364 | 31000 | 32364 | 30728 | 125456 |
| പത്തനംതിട്ട | 54509 | 63270 | 57160 | 42966 | 217905 |
| ആലപ്പുഴ | 37940 | 39930 | 43500 | 46170 | 167540 |
| കോട്ടയം | 39654 | 41500 | 39680 | 42800 | 163634 |
| ഇടുക്കി | 24600 | 32400 | 35500 | 38500 | 131000 |
| എറണാകുളം | 113850 | 15325 | 15810 | 104180 | 249165 |
| തൃശ്ശൂർ | 66352 | 67168 | 52111 | 59687 | 245318 |
| പാലക്കാട് | 7015 | 7000 | 6800 | 2500 | 23315 |
| മലപ്പുറം | 8345 | 8435 | 8685 | 4211 | 29676 |
| കോഴിക്കോട് | 47350 | 50125 | 52075 | 55410 | 204960 |
| വയനാട് | 6120 | 6325 | 6300 | 6600 | 25345 |
| കണ്ണൂർ | 56500 | 57000 | 57000 | 65900 | 236400 |
| കാസർഗോഡ് | 25665 | 27294 | 27595 | 23991 | 104545 |
| ആകെ | 560534 | 486438 | 477740 | 576703 | |

സെക്ഷൻ ഓഫീസർ